**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 259** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>റേഷൻ കാർഡ് തരംമാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** മുൻഗണനാ റേഷൻ കാർഡ് പട്ടികയിൽനിന്ന് അർഹരായ നിർധന കുടുംബങ്ങൾ പുറത്തുപോയിട്ടുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** റേഷൻ കാർഡ് തരംമാറ്റുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിച്ചിട്ടും നാളിതുവരെ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം എത്രയാണ്; പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി നിലവിലെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>മറുപടി:</u>** ഗുരുതരമായ രോഗങ്ങൾ മൂലം പ്രത്യേക ഇളവ് അനുവദിക്കേണ്ട സാഹചര്യങ്ങളിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകൾ മുഖേന മാനുവലായി ലഭ്യമാകുന്ന അപേക്ഷകളിൽ അർഹമായവ പ്രത്യേക കേസുകളായി പരിഗണിച്ച്, മുൻ സർക്കാരിന്റെ കാലത്ത് ലഭിച്ച അപേക്ഷകൾ ഉൾപ്പെടെ ഇത്തരത്തിൽ ലഭിച്ച 2,563 അപേക്ഷകൾ മുൻഗണനാ വിഭാഗത്തിലേക്കും, 129 കുടുംബങ്ങളുടെ റേഷൻ കാർഡുകൾ AAY വിഭാഗത്തിലേക്കും തരംമാറ്റി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ദിനംപ്രതി പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**